# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2778

17.06.2019-ലെ മറുപടി

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | കൊച്ചി കോർപ്പറേഷൻ ഡിവിഷൻ 13, 14, 15, 16 എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജന്റം (JNNRUM) പദ്ധതിയിൽ പൂർത്തീകരിച്ച മരട് ജലശുദ്ധീകരണ ശാലയിൽ നിന്നും കുമ്പളങ്ങിയിൽ സ്ഥാപിച്ചിട്ടുള്ള OHSR ലേക്കുള്ള പമ്പിംഗ് മെയിനിൽ നിന്നും അക്വിനാസ് ഇടക്കൊച്ചി ജംഗ്ഷൻ മുതൽ പാമ്പായിമൂല വരെ പൈപ്പ് സ്ഥാപിച്ച് പാമ്പായിമൂലയിൽ സ്ഥാപിക്കുന്ന ജലസംഭരണിയിൽ വെള്ളം എത്തിച്ച് നിലവിലുള്ള വിതരണ ശൃംഖലയിൽ കുടിവെള്ള വിതരണം ചെയ്യുന്നതിനായാണ് ടി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.<br>അമൃത് പദ്ധതിയിൽപ്പെടുത്തി ഇടക്കൊച്ചിയിൽ കെന്റ് അപ്പാർട്ട്മെന്റ് സമീപത്തുനിന്നും പാമ്പായിമൂല വരെ അക്വിനാസ് ഇടക്കൊച്ചി റോഡിലൂടെ 450 mm വ്യാസമുള്ള DI K9 പൈപ്പുകൾ 1037.80 മീറ്റർ ദൂരത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഇതിനോടനുബന്ധിച്ച് പൂർത്തീകരിക്കേണ്ട 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ പണികൾ പ്രാരംഭ ഘട്ടത്തിലാണ്. |
| (ബി) | ഈ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ; | (ബി) & (സി) | അക്വിനാസ് ഇടക്കൊച്ചി ജംഗ്ഷൻ മുതൽ പാമ്പായിമൂല വരെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായി. ഭൂതല സംഭരണിയുടെ കരാർ ഉറപ്പിച്ചു. പമ്പ് ഹൗസിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെന്റ് അപ്പാർട്ട്മെന്റ് മുതൽ പാമ്പായിമൂല വരെ 1037.80 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിച്ചു. 13 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള OHSR ന്റെ പണികൾ പ്രാരംഭഘട്ടത്തിലാണ്. മേൽ പ്രവൃത്തികൾ 31.03.2020 ഓടു കൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**